പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3547 08.11.2019 ൽമറുപടിയ്ക്ക്

## NH 766- ൽ കർണ്ണാടക അതിർത്തിയിൽ രാത്രി യാത്രാ നിരോധനം

| ചോദ്യം<br>ശ്രീ. പി.ടി.എ. റഹീം | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | NH 766- ൽ കർണ്ണാടക അതിർത്തിയിൽ രാത്രി യാത്രാ നിരോധനം പകൽ സമയത്തേയ്ക്കുകൂടി നീട്ടുന്നത് സംബന്ധിച്ച നീക്കം നടക്കുന്നതായ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ), (ബി), (സി) & (ഡി) | ബന്ദിപ്പൂർ വഴിയുള്ള ദേശീയ പാതയിൽ രാത്രി ഒൻപതുമണി മുതൽ രാവിലെ ആറുമണി വരെയുള്ള യാത്രാ നിരോധനം പകൽ കൂടി ബാധകമാക്കുന്നത് സംബന്ധിച്ച് ഔദ്യോഗിക അറിയിപ്പൊന്നും ലഭിച്ചിട്ടില്ല. മാത്രമല്ല രാത്രി യാത്രാ നിരോധനം സംബന്ധിച്ചുള്ള കേസ് ബഹു. സുപ്രീം കോടതിയുടെ പരിഗണനയിലാണ്. ഗതാഗതം പൂർണ്ണമായും നിരോധിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങളൊന്നും സുപ്രീം കോടതിയിൽ നിന്നും ഉണ്ടായിട്ടില്ല. |
| (ബി) | ഇക്കാര്യത്തിൽ കേരളത്തിലെ ജനങ്ങൾക്കുള്ള ബുദ്ധിമുട്ട് സുപ്രീം കോടതിയെ ബോദ്ധ്യപ്പെടുത്താൻ സംസ്ഥാന സർക്കാർ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | | |
| (സി) | കർണ്ണാടക സർക്കാരുമായി ഇതു സംബന്ധിച്ച് ആശയവിനിമയം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | | |
| (ഡി) | ഇക്കാര്യത്തിൽ സംസ്ഥാനത്തെ ജനങ്ങൾക്കുള്ള ആശങ്ക കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ